സമഗ്ര മത്സ്യനയം

*12 [42] ശ്രീ. കെ. നാരായണക്കുറുപ്പ്:
„ തോമസ് ചാഴികാടൻ:
„ റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഒരു മത്സ്യനയം ആവിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്.

(ബി) നടത്തിയിട്ടുണ്ട്.

(സി) സമഗ്ര മത്സ്യനയം രൂപീകരിക്കുന്നതിനായി 33 അംഗങ്ങളുള്ള സബ് കമ്മിറ്റി രൂപീകരിക്കുകയും ഇതു സംബന്ധിച്ച ചർച്ചകൾ നടത്തി കരടു നയം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ആഴക്കടൽ മത്സ്യബന്ധന നിരോധനം ലംഘിക്കുന്നവരെ ശിക്ഷിക്കാൻ നടപടി

*13 [43] ശ്രീ. സി. മമ്മൂട്ടി:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനം നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് ലംഘിക്കുന്നവരെ പിടികൂടി അവർക്ക് ശിക്ഷ നൽകുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഫിഷറീസും. എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ആഴക്കടൽ മത്സ്യബന്ധനം സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമല്ല. കേന്ദ്ര ഗവൺമെന്റാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത്.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly